പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1983 **26-10-2026-ൽ മറുപടിയ്ക്ക്**

ഐ.സി.യു. കിടക്കകളുടെയും വെന്റിലേറ്റർ സൗകര്യങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പാലക്കാട്, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഐ.സി.യു. കിടക്കകളുടെ എണ്ണം, പ്രവർത്തനക്ഷമമായ ഐ.സി.യു. കിടക്കകളുടെ എണ്ണം എന്നിവ ആശുപത്രി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

മറുപടി: പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (IIMS)- ൽ നിലവിൽ കൈമാറി ലഭ്യമാക്കിയ സ്ഥലങ്ങളിൽ Medical ICU- 5 bed, Surgery ICU-3 bed, Post OP - 4 എന്നീ രീതിയിൽ ആകെ 12 ബെഡ് ഐ.സി.യു പ്രവർത്തനസജ്ജമാണ്.

തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രി ഐ.സി.യു - വിലുള്ള 148 ബെഡുകളും പ്രവർത്തനക്ഷമമാണ്.

(ബി) പാലക്കാട് മെഡിക്കൽ കോളേജിൽ ഐ.സി.യു. കിടക്കകളുടെയും വെന്റിലേറ്റർ സൗകര്യങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമായതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (IIMS)- ന്റെ ഭാവി വികസനത്തിന്റെയും തുടർ എസ്റ്റാബ്ലിഷ്മെന്റിന്റെയും ഭാഗമായി ആശുപത്രി കെട്ടിടം പൂർണ്ണമായും പൊതുരാമത്ത് വകുപ്പിൽ (PWD) നിന്നും കൈമാറി ലഭിക്കേണ്ടതുണ്ട്. കെട്ടിടം പൂർണ്ണമായും കൈമാറി ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ അടിസ്ഥാന സാകര്യങ്ങളും ജീവനക്കാരുടെ ലഭ്യതയും ഉറപ്പാക്കി കൂടുതൽ ഐ.സി.യു കിടക്കകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സാകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ലക്ഷ്യമിടുന്നുണ്ട്.

സെക്ഷൻ ഓഫീസർ